LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യമാണ് നിലവിലുള്ളത്. കേന്ദ്രീകൃത ക്ലാസ്സുകളും അതേത്തുടർന്ന് അദ്ധ്യാപകർ നടത്തിയ തുടർപ്രവർത്തനങ്ങളും കുട്ടികളെ കർമ്മനിരതരായി വിദ്യാഭ്യാസ പരിസരത്ത് നിലനിർത്താൻ സഹായകരമായിട്ടുണ്ട്. സ്കൂളുകൾ തുറന്ന് സാധാരണഗതിയിലുള്ള അദ്ധ്യയനം നടത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ജൂൺ മാസം ഒന്നുമുതൽ ഇത്തരത്തിൽ ക്ലാസ്സുകൾ ആരംഭിച്ചത്. ഡിജിറ്റൽ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി കൈറ്റ് വിക്ടേഴ്സിലൂടെ ഇപ്പോൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്ന ഫസ്റ്റ്ബെൽ-2 ക്ലാസ്സുകളുടെ കൃത്യമായ സമയം മുൻകൂട്ടി നിശ്ചയിച്ച് കൈറ്റിന്റെ വെബ്സൈറ്റിലൂടെയും വിവിധ മാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരിക്കുന്നുണ്ട്. രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തുവരുന്നുണ്ട്. പ്രീപ്രൈമറി മുതൽ 8-ാം ക്ലാസ്സ് വരെ അര മണിക്കൂർ, 9-ാം ക്ലാസ്സ് ഒരു മണിക്കൂർ, പത്താം ക്ലാസ്സ് ഒന്നര മണിക്കൂർ എന്ന രീതിയിലാണ് നിലവിൽ സംപ്രേഷണം ചെയ്യുന്നത്. ഓരോ ക്ലാസ്സിലെയും കുട്ടികൾ പങ്കെടുക്കേണ്ട പരമാവധി സമയം പ്രസ്തുത ഷെഡ്യൂളിൽ വ്യക്തമാണ്. അതുകൊണ്ടുതന്നെ സമാന്തര വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ പ്രസ്തുത ഷെഡ്യൂൾ പരിഗണിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാവുന്നതാണെന്നുള്ളകാര്യം അറിയിക്കുന്നു.

(6) ആശ്വാസ പദ്ധതി

ശ്രീ. എൻ. കെ. അക്ബർ: സർ, പ്രതിവർഷം മൂന്ന് കോടി ആളുകൾ വന്നുപോകുന്ന ഗുരുവായൂർ ക്ഷേത്രനഗരി ഏറ്റവും കൂടുതൽ കല്യാണങ്ങൾ നടന്നിരുന്ന സ്ഥലമാണ്. കോവിഡുമൂലം ഗുരുവായൂർ ക്ഷേത്രം അടഞ്ഞുകിടക്കുകയാണ്. കോവിഡിന്റെ ശക്തി കുറഞ്ഞതിനാൽ കേരളത്തിലാകെ സ്ഥാപനങ്ങളും മറ്റും പൂർവ്വസ്ഥിതിയിലേയ്ക്ക് വന്നെങ്കിലും കഴിഞ്ഞ ഒന്നേകാൽ വർഷമായി ഗുരുവായൂർ ക്ഷേത്രം തുറക്കാത്തതിനാൽ കല്യാണങ്ങൾ, തുലാഭാരം, ചോറൂണ്, വാഹനപൂജ എന്നിവയൊന്നും നടക്കുന്നില്ല. കല്യാണമണ്ഡപങ്ങൾ, ലോഡ്ജുകൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഇപ്പോഴും പൂർണ്ണമായും അടഞ്ഞുകിടക്കുകയാണ്. കോവിഡുമൂലം മറ്റ് പ്രദേശങ്ങളിലൊന്നും ഉളവാകാത്ത ഒരു സവിശേഷ പ്രശ്നമായി ഇതിനെ കാണണം. 150-ഓളം ലോഡ്ജുടമകളും ആയിരക്കണക്കിന് തൊഴിലാളികളും ദുരിതത്തിലാണ്. കഴിഞ്ഞ ഒന്നേകാൽ വർഷമായി വരുമാനമില്ലാത്തതിനാൽ ഇവരിൽ പലരും എടുത്ത വായ്പകളുടെ തിരിച്ചടവ് നടത്താത്തതിനാൽ ജപ്തി ഭീഷണിയിലും ആത്മഹത്യയുടെ വക്കിലുമാണ്. സ്ഥാപനങ്ങൾ തുറക്കാത്തതിനാൽ തൊഴിലാളികൾ കഴിഞ്ഞ ഒന്നേകാൽ വർഷമായി പട്ടിണിയിലാണ്. നമ്മളിൽ പലരും അവരുടെ പ്രയാസങ്ങളിൽ അത്താണിയായി കാണുന്ന ഗുരുവായൂർ ഇപ്പോൾ സർക്കാരിന്റെ കരുണയ്ക്കായി കൈകൂപ്പുകയാണ്. തൊഴിലാളികൾക്ക് ആശ്വാസ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിക്കണമെന്നും വെള്ളക്കരം, വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് പുതുക്കൽ ഫീസ് എന്നിവ ഗഡുക്കളായി ദീർഘിപ്പിച്ചു നൽകണമെന്നും വായ്പകളുടെ പിഴപ്പലിശ ഒഴിവാക്കി തുക അടയ്ക്കുന്നതിന് 2022 മാർച്ച് 31 വരെ സമയം അനുവദിക്കണമെന്നും തൊഴിലാളികൾക്കും സ്ഥാപന ഉടമകൾക്കും ആശ്വാസ പാക്കേജ് പ്രഖ്യാപിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച സബ്മിഷനിൽ സൂചിപ്പിക്കുന്ന കാര്യങ്ങൾ ഒരു പൊതുപ്രശ്നമാണ്. എങ്കിലും അദ്ദേഹം ഗുരുവായൂരിലെ പ്രശ്നമാണ് പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവും രണ്ടാം തരംഗവും നമ്മുടെ നാട്ടിൽ സൃഷ്ടിച്ചിട്ടുള്ള ക്ലേശം വളരെ വലുതാണ്. സമൂഹത്തിലെ സമസ്ത മേഖലകളെയും ഈ സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ട് ബാധിച്ചിട്ടുണ്ട്. എന്നാൽ മിക്കവാറും എല്ലാ മേഖലകളിലും സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തിയിട്ടുണ്ട്. വ്യാപാര മേഖലയിലുണ്ടായ പ്രതിസന്ധിയെക്കുറിച്ച് സർക്കാരിന് ഉത്തമ ബോദ്ധ്യമുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലോഡ്ജുൾപ്പെടെയുള്ള കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെയും തൊഴിലുടമകളുടെയും ക്ഷേമത്തിനായി സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളതാണ് കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്. ഈ ബോർഡിന്റെ കീഴിലുള്ള ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പദ്ധതി വിഭാവന ചെയ്തിട്ടുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് 2020 കാലയളവിൽ കോവിഡുമായി ബന്ധപ്പെട്ട് ആശ്വാസ ധനസഹായമായി 1,000 രൂപ, ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് 5,000 രൂപ, കോവിഡ് ബാധിതർക്ക് 10,000 രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. ഗുരുവായൂർ മേഖലയിലെ കടകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായിരുന്നു. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിലും സംസ്ഥാന സർക്കാർ എല്ലാ മേഖലകളിലും സഹായഹസ്തം നീട്ടാൻ തീരുമാനിക്കുകയും ആവശ്യമായ ഇടപെടൽ നടത്തിവരികയുമാണ്. തൊഴിൽ വകുപ്പിനുകീഴിലുള്ള ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി 1,000 രൂപ നൽകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന ഭക്ഷ്യകിറ്റ് പോലുള്ള മറ്റ് പൊതുആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. അതിലുപരിയായുള്ള മറ്റ് ആശ്വാസ നടപടികൾ പ്രഖ്യാപിക്കുന്നത് നിലവിൽ പരിഗണനയിലില്ലെന്നുള്ള കാര്യംകൂടി അറിയിക്കുന്നു.